©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2020 ജനുവരി 28<br>28th January 2020<br>1195 മകരം 14<br>14th Makaram 1195<br>1941 മാഘം 8<br>8th Magha 1941 | നമ്പർ<br>No. | 273 |

GOVERNMENT OF KERALA

**Labour and Skills (E) Department**

NOTIFICATION

G. O. (P) No. 13/2020/LBR.

*Dated, Thiruvananthapuram, 24th January, 2020*
*10th Makaram, 1195.*

**S. R. O. No. 61/2020**

In exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948) read with sub-section (2) of section 5 thereof and in supersession of the notification issued under G. O. (Ms.) No. 57/2011/LBR dated 26th April, 2011 and published as S.R.O. No. 282/2011 in the Kerala Gazette Extraordinary No. 912 dated 26th April, 2011, the Government of Kerala after considering the objections and suggestions received on the draft proposals

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

published as notification No. E1/23/2019-LBRD. dated 20th July, 2019 in the Kerala Gazette Extraordinary No. 2158 dated 16th September, 2019 as required under clause (b) of sub-section (1) of section 5 of the said Act and in consultation with the Minimum Wages Advisory Board constituted under section 7 of the said Act, hereby revise the minimum rates of wages payable to the employees employed in the Liquor Trading and Vending industry Sector in the State of Kerala as specified in the Schedule hereto annexed and fix the date of publication of this notification in the Gazette as the date from which the revised rates shall come into force.

SCHEDULE

**Foreign Liquor**

**I. Monthly Basic Wages**

| *Sl. No.* | *Work/Category* | *Basic Wages* |
|---|---|---|
| (1) | (2) | (3) |
| 1. | ***Grade I***<br>1. Manager<br>2. Accountant<br>3. Cashier | ₹ 15,390 |
| 2. | ***Grade II***<br>1. Route Manager/Bill Collector<br>2. Checker<br>3. Cook<br>4. Clerk<br>5. Driver | ₹ 14,870 |
| 3. | ***Grade III***<br>1. Store man /Store Worker<br>2. Sales man/ Supplier<br>3. Transport Workers<br>4. Shop Manager<br>5. Depot Workers | ₹ 14,480 |
| 4. | ***Grade IV***<br>1. Helper<br>2. Kitchen Assistant<br>3. Boy/ Cleaner<br>4. Watchman | ₹ 13,870 |

**II. Piece Rate**

| *Work/Category* | *Rate of Basic Wages* | *Work Load* |
|---|---|---|
| Labelling Worker | 10 paise per Label | Sticking 4000 Labels per day |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**III. Dearness Allowance**

In addition to the rate of wages, the employees shall be eligible for Dearness Allowance calculated on the basis of Consumer Price Index published for the concerned District Headquarters by the Department of Economics and Statistics for the increase in every point above 300 points in new series i.e., 1998-99=100 at the rate of ₹ 1 (One rupee) for daily waged employees and ₹ 26 (Rupees Twenty-six only) for monthly waged employees for every increase of point above 300 points.

The labelling workers shall be eligible for one Dearness Allowance for sticking 4000 labels and for the purpose average output for a week i.e., 6 days may be reckoned. The workers are eligible for one Dearness Allowance for a day subject to a maximum of 6 Dearness Allowance for a week. Dearness Allowance shall be paid only for the days worked.

**IV. Service Weightage**

The monthly paid employees who have completed continuous five years or more in an establishment or under an employer shall be allowed service weightage included in their basic wages, at the rate of one percentage of the revised basic pay for every completed year of service, subject to a maximum amount of 10 percentage.

For calculating the daily rate in respect of the category of employees for whom monthly rate is fixed under this notification the monthly rate shall be divided by 26.

**V. Other Provisions**

1. In the case of employees who are at present getting higher wages than the minimum wages fixed as per this notification they shall continue to get such higher rates.

2. Daily wages of the monthly paid employees or class of employees under this notification shall be calculated by dividing the monthly wages by 26.

By order of the Governor,

SATYAJEET RAJAN,
*Additional Chief Secretary to Government.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

Government had earlier revised the minimum rates of wages payable to the employees employed in the Liquor Trading and Vending Sector in the State of Kerala as per notification issued under G. O. (Ms.) No. 57/2011/LBR dated 26th April, 2011 and published as S.R.O. No. 282/2011 in the Kerala Gazette Extraordinary No. 912 dated 26th April, 2011. The Government have now decided to revise the existing minimum rates of wages in the said industry sector after considering the objections and suggestions received on the draft proposal published as notification No. E1/23/2019-LBRD dated 20th July, 2019 in the Kerala Gazette Extraordinary No. 2158 dated 16th September, 2019 and in consultation with the Minimum Wages Advisory Board constituted for the said purpose.

The notification is intended to achieve the above object.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സ. ഉ. (അച്ചടി) നമ്പർ 13/2020/തൊഴിൽ.

*തിരുവനന്തപുരം, 2020 ജനുവരി, 24*
*1195 മകരം, 10.*

**എസ്. ആർ. ഒ. നമ്പർ 61/2020**

1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുമായി കൂട്ടിവായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും, 2011 ഏപ്രിൽ 26-ാം തീയതിയിലെ ജി. ഒ. (എംഎസ്.) 57/2011/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2011 ഏപ്രിൽ 26-ാം തീയതിയിലെ 912-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 282/2011 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും, പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം ആവശ്യപ്പെടുന്ന പ്രകാരം 2019 ജൂലൈ 20-ാം തീയതിയിലെ 23/ഇ1/2019/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2019 സെപ്റ്റംബർ 16-ാം തീയതിയിലെ 2158-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ പ്രാഥമിക വിജ്ഞാപനത്തിലെ കരട് നിർദ്ദേശങ്ങളിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചശേഷവും പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശക സമിതിയുമായി കൂടിയാലോചിച്ചശേഷവും, കേരള സർക്കാർ സംസ്ഥാനത്തെ വിദേശമദ്യ വ്യാപാരവും വിപണനവും മേഖലയിൽ ജോലി ചെയ്യുന്ന വിഭാഗങ്ങളിലെ തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം ഇതിനാൽ പുതുക്കി നിശ്ചയിക്കുകയും ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പുതുക്കിയ കൂലി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി നിശ്ചയിക്കുകയും ചെയ്യുന്നു.

## പട്ടിക

**വിദേശ മദ്യം**

**I. അടിസ്ഥാന മാസവേതനം**

| *ക്രമ നമ്പർ* | *ജോലി/വിഭാഗം* | *അടിസ്ഥാന വേതനം* |
|---|---|---|
| (1) | (2) | (3) |
| 1. | ***ഗ്രേഡ് 1***<br>1. മാനേജർ<br>2. അക്കൗണ്ടന്റ്<br>3. ക്യാഷ്യർ | ₹ 15,390 |

2. *ഗ്രേഡ് 2*

| | |
|---|---|
| 1. റൂട്ട് മാനേജർ/ബില്ല് കളക്ടർ<br>2. ചെക്കർ<br>3. കുക്ക്<br>4. ക്ലർക്ക്<br>5. ഡ്രൈവർ | ₹ 14,870 |

3. *ഗ്രേഡ് 3*

| | |
|---|---|
| 1. സ്റ്റോർമാൻ/സ്റ്റോർ വർക്കർ<br>2. സെയിൽസ്മാൻ/സപ്ലൈയർ<br>3. ട്രാൻസ് പോർട്ട് വർക്കേഴ്സ്<br>4. ഷോപ്പ് മാനേജർ<br>5. ഡിപ്പോ വർക്കേഴ്സ് | ₹ 14,480 |

4. *ഗ്രേഡ് 4*

| | |
|---|---|
| 1. ഹെൽപ്പർ<br>2. കിച്ചൺ അസിസ്റ്റന്റ്<br>3. ബോയ് / ക്ലീനർ<br>4. വാച്ച്മാൻ | ₹ 13,870 |

**II. പീസ് റേറ്റ്**

| *ക്രമ നമ്പർ* | *ജോലി /വിഭാഗം* | *അടിസ്ഥാന വേതന നിരക്ക്* | *അദ്ധ്വാന ഭാരം* |
|---|---|---|---|
| | ലേബലിംഗ് വർക്കർ | ലേബൽ ഒന്നിന് 10 പൈസ | ഒരു ദിവസം 4000 ലേബൽ പതിക്കണം |

**III. ക്ഷാമബത്ത**

മേൽപ്പറഞ്ഞ അടിസ്ഥാന വേതനത്തിനുപുറമെ, എല്ലാ വിഭാഗം തൊഴിലാളികൾക്കും സംസ്ഥാന എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഓരോ ജില്ലാ കേന്ദ്രത്തിനും വേണ്ടി ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന 1998-99=100 എന്ന ഉപഭോക്തൃവില സൂചികയുടെ അടിസ്ഥാനത്തിൽ 300 പോയിന്റിനുമേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും ദിവസ വേതനക്കാർക്ക് 1 രൂപ (ഒരു രൂപ) നിരക്കിലും മാസവേതനക്കാർക്ക് 26 രൂപ നിരക്കിലും ക്ഷാമബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

ലേബലിംഗ് തൊഴിലാളികൾക്ക് ഒരാഴ്ചക്കാലത്തെ അതായത് 6 ദിവസത്തിനുള്ളിൽ ഉള്ള ആകെ ഉൽപ്പാദനത്തിന്റെ ശരാശരി എടുക്കുമ്പോൾ വരുന്ന ഓരോ 4000 ലേബൽ ഒട്ടിക്കുന്നതിനും ഓരോ ക്ഷാമബത്ത നൽകേണ്ടതാണ്. ഒരു ദിവസം ഒരു ക്ഷാമബത്തയ്ക്കും ആഴ്ചയിൽ പരമാവധി 6 ക്ഷാമബത്തയ്ക്കും മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**IV. സർവ്വീസ് വ്യവസ്ഥകൾ**

ഒരു സ്ഥാപനത്തിൽ/ഒരു തൊഴിലുടമയുടെ കീഴിൽ തുടർച്ചയായി 5 വർഷത്തിൽ കുറയാത്ത സേവനകാലം പൂർത്തിയാക്കിയ മാസശമ്പളക്കാർക്ക് അവർ പൂർത്തിയാക്കിയ ഓരോ വർഷത്തെ സേവന കാലയളവിനും പട്ടികയിൽ പറഞ്ഞ അടിസ്ഥാന വേതനത്തിന്റെ 1 ശതമാനം വീതം പരമാവധി 10 ശതമാനം വരുന്ന തുക സർവ്വീസ് വെയിറ്റേജ് ആയി അടിസ്ഥാന വേതനത്തിൽ ഉൾപ്പെടുത്തി നൽകേണ്ടതാണ്.

**V. പൊതു വ്യവസ്ഥകൾ**

1. ഈ വിജ്ഞാപനത്തിൽ നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ വേതനത്തേക്കാൾ ഉയർന്ന വേതനം നിലവിൽ ലഭിക്കുന്ന തൊഴിലാളികൾക്ക് അപ്രകാരമുള്ള ഉയർന്ന വേതന നിരക്ക് തുടർന്നും ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

2. ഈ വിജ്ഞാപനത്തിൻ കീഴിൽ മാസവേതന വിഭാഗക്കാരുടെ ദിവസ വേതനം കണക്കാക്കുന്നതിന് മാസവേതനത്തെ ഇരുപത്തിയാറുകൊണ്ട് ഭാഗിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

സത്യജിത് രാജൻ,
*ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.*

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാനത്തെ വിദേശമദ്യ വ്യാപാരവും വിപണനവും മേഖലയിൽ ജോലി ചെയ്യുന്ന വിഭാഗങ്ങളിലെ തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലിനിരക്ക് 2011 ഏപ്രിൽ 26-ാം തീയതിയിലെ ജി. ഒ. (എം.എസ്.) 57/2011/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2011 ഏപ്രിൽ 26-ാം തീയതിയിലെ 912-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 282/2011 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനപ്രകാരം പുതുക്കി നിശ്ചയിച്ചിരുന്നു. 2019 ജൂലൈ 20-ാം തീയതിയിലെ 23/ഇ1/2019/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2019 സെപ്റ്റംബർ 16-ാം തീയതിയിലെ 2158-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ പ്രസ്തുത വ്യവസായ മേഖലയിലെ ഏറ്റവും കുറഞ്ഞ കൂലി പുതുക്കി നിശ്ചയിക്കുന്നതിനുള്ള, പ്രാഥമിക വിജ്ഞാപനപ്രകാരമുള്ള കരട് നിർദ്ദേശങ്ങളിന്മേലുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പരിഗണിച്ചതിനുശേഷവും ഈ ആവശ്യത്തിനായി രൂപീകരിച്ച മിനിമം വേതന ഉപദേശക ബോർഡുമായി കൂടിയാലോചിച്ചശേഷവും പ്രസ്തുത വ്യവസായ മേഖലയിലെ തൊഴിലാളികളുടെ നിലവിലുള്ള ഏറ്റവും കുറഞ്ഞ വേതന നിരക്ക് പുതുക്കി നിശ്ചയിക്കുവാൻ സർക്കാർ ഇപ്പോൾ തീരുമാനിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by SHEELA M G
Date:2020.01.28 07:51:34 +05:30